**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284** **26-10-2021 - ൽ മറുപടിയ്ക്ക്**

**മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ആവശ്യമായ കോഴിമുട്ടകളിൽ ഗണ്യമായ എണ്ണം അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരേണ്ടതായ സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ വഴിയും, ജനകീയ ആസൂത്രണ പദ്ധതികൾ വഴിയും ഗണ്യമായ പുരോഗതി കൈവരിച്ചുവെങ്കിലും, മുട്ട ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടില്ല. കേരളത്തിൽ ഒരു വർഷം ആകെ 529 കോടി കോഴിമുട്ട ആവശ്യമാണെന്നാണ് കണക്ക്. നിലവിൽ ഒരു വർഷം ആകെ ആഭ്യന്തര മുട്ട ഉത്പാദനം 218.12 കോടി ആണ്. ആവശ്യകതയും ഉല്പാദനവും തമ്മിൽ 310.88 കോടിയുടെ അന്തരമുണ്ട്. നിലവിൽ 300 കോടി കോഴിമുട്ടകളും 40 കോടിയുടെ താറാവ് മുട്ടകളും പ്രതിവർഷം കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇതു വഴി 1500 കോടിയോളം രൂപ ഇതര സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നുണ്ട്. |
| (ബി) | മുട്ട ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ വരുമാന വർദ്ധനവും കാർഷികമേഖലയുടെ സാമ്പത്തിക വളർച്ച ലക്ഷ്യമാക്കി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മുട്ട ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന കർഷക-രുടെ വരുമാന വർദ്ധനവും കാർഷികമേഖലയുടെ സാമ്പത്തിക വളർച്ചയും ലക്ഷ്യമാക്കി പ്രത്യേക പദ്ധതി- കൾ ഒന്നും തന്നെ മൃഗസംരക്ഷണ വകുപ്പിൽ നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ മുട്ട ഉല്പാദന രംഗത്ത്പ്രവർത്തിക്കുന്ന കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിന്സഹായകമായ പദ്ധതികൾ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയിട്ടുണ്ട്. |
| (സി) | മിതമായ നിരക്കിൽ ഗുണമേന്മയുള്ള കോഴിത്തീറ്റ ആഭ്യന്തരമായി ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ കേരള ഫീഡ്സ് ലിമിറ്റഡ് ഗുണമേന്മയുള്ള കോഴിത്തീറ്റ ആഭ്യന്തരമായി ഉല്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. വ്യാവസായികാ- ടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തലിനാവശ്യമായ തീറ്റയായ 'അതുല്യം ഗ്രോവർ' (8 - 20 ആഴ്ച പ്രായമുള്ളവയ്ക്ക്), 'അതുല്യം ലേയർ' (20 ആഴ്ചയ്ക്ക് മുകളിൽ പ്രായമായ മുട്ട |

| | | | |
|---|---|---|---|
| | | | കോഴികൾക്ക്) വീട്ടുവളപ്പിൽ തുറന്നിട്ടു വളർത്തുന്ന മുട്ട കോഴികൾക്ക് വേണ്ടിയുള്ള പ്രത്യേക തീറ്റയായ 'കൈരളി' എന്നിവ കേരള ഫീഡ്സ് ഉല്പാദിപ്പിച്ച് വിപണിയിൽ ലഭ്യമാക്കുന്നുണ്ട്. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മിതമായ നിരക്കിൽ ഗുണമേന്മയേറിയ കോഴിത്തീറ്റ ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ മാളയിൽ ഒരു ഹൈടെക് കോഴിത്തീറ്റ ഉല്പാദനഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ ട്രയൽ റൺ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സർക്കാരിന്റെ വ്യവസായ വികസന നയത്തിന്റെ ഭാഗമായി കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പുമായി സഹകരിച്ച് പദ്ധതികൾ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | വ്യവസായ വകുപ്പുമായി സഹകരിച്ച് കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സംബന്ധിച്ച പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

ഭാരതം പൗൾട്രി ഇൻഡസ്ട്രിയിൽ 15% വളർച്ചയാണ് കഴിഞ്ഞ ഒരു ദശാബ്ദത്തിൽ കൈവരിച്ചത്. സമാനമായ പുരോഗതി ജനകീയാസൂത്രണ പദ്ധതികൾ വഴിയും സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ വഴിയും സംസ്ഥാനത്ത് കൈവരിക്കുവാൻ കഴിഞ്ഞുവെങ്കിലും മുട്ടയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. നിലവിൽ മുട്ടയുല്പാദനത്തിൽ കേരളം ഇന്ത്യയിൽ ഒമ്പതാം സ്ഥാനത്താണ്. എന്നാൽ നിലവിൽ 300 കോടി കോഴിമുട്ടകളും 40 കോടി താറാവ് മുട്ടകളും പ്രതിവർഷം കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇതുവഴി 1500 കോടിയോളം രൂപ ഇതര സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നു.

ICMR നിർദ്ദേശ പ്രകാരം പ്രതി വർഷം മുതിർന്ന ഒരാൾക്ക് 180 എണ്ണം മുട്ടയും ഒരു കുട്ടിക്ക് 90 എണ്ണം മുട്ടയും ആവശ്യമാണ്. ആകെ ജനസംഖ്യയുടെ 20% കുട്ടികളായിരിക്കുമെന്ന് കണക്കാക്കുന്നു. അങ്ങനെ നോക്കുമ്പോൾ കേരളത്തിൽ ഒരു വർഷം ആകെ 529 കോടി മുട്ടകൾ ആവശ്യമാണെന്ന് കണക്കാക്കുന്നു. നിലവിൽ ആഭ്യന്തര മുട്ട ഉത്പാദനം 218.12 കോടി എണ്ണം ആണ്. ആവശ്യകതയും ഉത്പാദനവും തമ്മിൽ 310.88 കോടിയുടെ അന്തരമുണ്ട്. നിലവിൽ ഈ ഉത്പാദനക്കുറവ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മുട്ട ഇറക്കുമതി ചെയ്യുന്നത് വഴിയാണ് പരിഹരിച്ചുവരുന്നത്. എന്നാൽ ഉത്പാദനം വർദ്ധിപ്പിക്കുകയാണെങ്കിൽ ചെറുകിട കർഷകരുടെയും വനിതകളുടെയും വരുമാനം വർദ്ധിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യുക കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും സാധിക്കും.

മുട്ടയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾ പ്രവർത്തിക്കുന്നത്. അടുക്കളമുറ്റത്തെ കോഴി വളർത്തൽ (backyard poultry rearing) ശക്തിപ്പെടുത്തൽ, സർക്കാർ സബ്സിഡിയോടു കൂടി ചെറു ഫാമുകൾ സ്ഥാപിക്കുക വഴിയും മുട്ടയുത്പാദനത്തിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്. നിലവിലെ മുട്ടയുല്പാദനത്തിലെ ന്യൂനത പരിഹരിക്കുവാൻ പ്രതിവർഷം 300 ലക്ഷം ഒരു ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് അധികമായി നൽകേണ്ടതായിട്ടുണ്ട്. ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് മുട്ടയും മാംസവും നിർദ്ദിഷ്ട അളവിൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്ന് ഐ.സി.എം.ആർ നിർദ്ദേശിച്ചിട്ടുണ്ട് . അതിനനുസരിച്ച് മുട്ടയും മാംസവും ഭക്ഷിക്കുന്നവരുടെ സംഖ്യ കേരളത്തിൽ വർദ്ധിച്ചു വരുന്നു. പക്ഷേ കേരളത്തിന് ആവശ്യമായ കോഴിമുട്ട

കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കാൻ സാധിച്ചിട്ടില്ല. മുട്ടക്കോഴി വളർത്തലിന് ആവശ്യമായ മേൽത്തരം കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. ഈ കോഴിക്കുഞ്ഞുങ്ങളുടെ ഗുണമേന്മ ശാസ്ത്രീയമായി ഉറപ്പ് വരുത്താൻ പലപ്പോഴും സാധിക്കുന്നില്ല. കോഴിത്തീറ്റയുടെ വില വൻതോതിൽ വർദ്ധിച്ചു വരുന്നു. തന്മൂലം ഉത്പാദനച്ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ കേരളത്തിലെ കർഷകർ കോഴിവളർത്തൽ മിക്കവാറും ഉപേക്ഷിക്കുകയുണ്ടായി. അതേസമയം തീറ്റയുടെ വില താരതമ്യേന കുറവുള്ള മറ്റ് സംസ്ഥാനങ്ങളിൽ ഉത്പാദനച്ചെലവ് കുറവായതിനാൽ മുട്ട ഉത്പാദനം വ്യാപകമാകുകയും ഉത്പാദിപ്പിക്കുന്ന മുട്ടയുടെ ഭൂരിഭാഗവും അധികവിലയ്ക്ക് കേരളത്തിൽ വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് മുട്ടകൾക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്. കേരളത്തിലെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കെപ്കോയുടെ അധീനതയിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഗ്രാമശ്രീ ഇനങ്ങളിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. അതിന് പുറമേ പ്രതിവർഷം ഏകദേശം മുന്നൂറ് മുട്ട വരെ നൽകുന്ന ബി.വി.380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ ഉദ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

മുട്ട ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് വിവിധ സർക്കാർ പദ്ധതികൾ കെപ്കോ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കെപ്കോ വിവിധ പദ്ധതികളിലൂടെ 12 ലക്ഷത്തോളം മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി ഏകദേശം 75 കോടിയോളം മുട്ടകളുടെ അധിക ഉദ്പാദനം നടത്താൻ കെപ്കോയ്ക്ക് സാധിച്ചിട്ടുണ്ട്. കോഴിവളർത്തൽ കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് മിതമായ നിരക്കിൽ ഗുണമേന്മയേറിയ കോഴിത്തീറ്റയുടെ ദൗർലഭ്യം. ഈ പ്രശ്നത്തിന് ഭാഗികമായ പരിഹാരം എന്ന നിലയിൽ കെപ്കോയുടെ പുതിയ കാൽവെയ്പാണ് തൃശ്ശൂർ ജില്ലയിലെ മാളയിൽ കെപ്കോ പൂർത്തിയാക്കിയ കോഴിത്തീറ്റ ഉത്പാദന കേന്ദ്രം. ഇവിടെ നിന്നും കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് മുന്നോടിയായുള്ള ട്രയൽ റൺ നടത്തുന്നതിനുള്ള നടപടികൾ കെപ്കോ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കേരളാ ഫീഡ്സ് ലിമിറ്റഡ് ഗുണമേന്മയുള്ള കോഴിത്തീറ്റ ആഭ്യന്തരമായി ഉല്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ നൽകുന്നുണ്ട്.

## കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കെപ്കോ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേര് | ഓരോ ഗുണഭോക്താവിനും ലഭിക്കുന്ന ആനുകൂല്യം |
|---|---|---|
| 1 | കെപ്കോ വനിതാമിത്രം | 10 കോഴി, 10 കിലോ തീറ്റ, മരുന്ന്<br>(തെരഞ്ഞെടുത്ത പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾക്ക്) |
| 2 | കെപ്കോ നഗരപ്രിയ | ആധുനിക രീതിയിലുള്ള ഒരു കൂട്, 5 കോഴി,<br>5 കിലോ തീറ്റ, മരുന്ന്<br>(മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയിലെ ഗുണഭോക്താക്കൾക്ക്) |
| 3 | കെപ്കോ ആശ്രയ | 10 കോഴി, 10 കിലോ തീറ്റ, മരുന്ന്<br>(പഞ്ചായത്തിലെ വിധവാ പെൻഷൻ ലഭിക്കുന്ന മുഴുവൻ വ്യക്തികൾക്കും) |
| 4 | വില്ലേജ് പൗൾട്രി | 8 കോഴി, 5 കിലോ തീറ്റ, മരുന്ന് |
| 5 | സ്കൂൾ പൗൾട്രി ക്ലബ്ബ് | 5 കോഴി, 5 കിലോ തീറ്റ, മരുന്ന്<br>(6 -ാം ക്ലാസ്സ് മുതൽ 9 - ാം ക്ലാസ്സ് വരെ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും) |
| 6 | ജീവനം ജീവധനം | വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് വേണ്ടി<br>നടപ്പിലാക്കുന്ന പദ്ധതി : 5 കോഴി, 1 കിലോ തീറ്റ, മരുന്ന് |

## നടപ്പ് സാമ്പത്തിക വർഷം കെപ്കോ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേര് | വിതരണം ചെയ്യുന്ന ജീവനോപാധികൾ | പഞ്ചായത്തുകൾ നൽകേണ്ട രേഖകൾ |
|---|---|---|---|
| 1 | വനിതാമിത്രം | 45-60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട 10 കോഴി, 3 കിലോ തീറ്റ, മരുന്ന് | 1. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് (പ്രസിഡന്റ്, സെക്രട്ടറി ഒപ്പിട്ടത്)<br>2. ഒരു പഞ്ചായത്തിൽ 1000 വനിതാഗുണ ഭോക്താക്കൾ.<br>3. ഓരോ ഗുണഭോക്താവും 250/- രൂപ ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം.ഓരോ ഗുണഭോക്താവിനും 1150/-രൂപ പദ്ധതി വിഹിതമായി ചെലവഴിക്കുന്നു. |
| 2 | 100 കോഴികളെ വളർത്താനുള്ള കൂടും കോഴിയും | 100 കോഴികളെ വളർത്താനുള്ള ഹൈടെക് കൂട്, നാലര മാസം പ്രായമുള്ള ബി.വി -380 ഇനത്തിൽപ്പെട്ട 100 മുട്ടക്കോഴികൾ | 1. തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്കുകൾ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>2. ഗുണഭോക്തൃ വിഹിതമായി 5000/-രൂപ ഓരോ ഗുണഭോക്താവും അടയ്ക്കണം. പദ്ധതി വിഹിതമായി 85000/- രൂപ ഓരോ ഗുണഭോക്താവിനും ചെലവഴിക്കുന്നതാണ്. |